# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ജൂൺ 28**

---

## എം.ജിയിൽ ഉന്നത പഠനത്തിനുള്ള അപേക്ഷ; വിദേശ വിദ്യാർഥികളുടെ എണ്ണത്തിൽ ഗണ്യമായ വർധന

എം.ജി സർവകലാശാലാ കാമ്പസിലും അഫിലിയേറ്റഡ് കോളജുകളിലും ഉന്നത പഠനത്തിന് അപേക്ഷ സമർപ്പിച്ച വിദേശ വിദ്യാർഥികളുടെ എണ്ണത്തിൽ ഗണ്യമായ വർധന. ഇന്ത്യൻ കൗൺസിൽ ഫോർ കൾച്ചറൽ റിലേഷൻസിന്റെ(ഐസിസിആർ) സ്കോളർഷിപ്പോടെ പി.എച്ച്.ഡി, പി.ജി, ബിരുദ കോഴ്സുകൾ പഠിക്കാൻ 58 രാജ്യങ്ങളിൽനിന്നായി 885 പേരാണ് ഇത്തവണ അപേക്ഷ നൽകിയിട്ടുള്ളത്.

കഴിഞ്ഞ അക്കാദമിക് വർഷത്തിൽ 571 അപേക്ഷകളാണ് ലഭിച്ചത്. പിഎച്ച്ഡി- 187, പി.ജി-406, ഡിഗ്രി- 292 എന്നിങ്ങനെയാണ് വിവിധ വിഭാഗങ്ങളിലായി ഇക്കുറി ലഭിച്ച അപേക്ഷകളുടെ എണ്ണം. ആഫ്രിക്കൻ രാജ്യമായ കെനിയയിൽനിന്നാണ് ഏറ്റവും കൂടുതൽ അപേക്ഷകർ-79 പേർ. ആഫ്രിക്കയിലെതന്നെ സുഡാനിൽനിന്ന് 77 പേരുണ്ട്.

ബൊട്സ്വാന-67, ബംഗ്ലാദേശ്-59, ഇറാഖ്-58, ടാൻസാനിയ-57, നൈജീരിയ-52, മലാവി-48, യെമൻ, ശ്രീലങ്ക-39 വീതം, മാലി-33, ലെസോത്തോ-26, നേപ്പാൾ-22, അംഗോള-22, എത്യോപ്യ-19, യുഗാണ്ട-15, റുവാണ്ട-14, ദക്ഷിണ സുഡാൻ-10, ഗാംബിയ-10, മൊസാംബിക്, ലൈബീരിയ, ഇൻഡോനേഷ്യ-9 വീതം, ഫലസ്തീൻ-8, കൊമോറോസ്, എസ്വാതിനി-7വീതം, സിറിയ, ഘാന, മ്യാൻമർ-6 വീതം, സൊമാലിയ, ഝാഡ്, വിയറ്റ്നാം, സാംബിയ-5 വീതം, ബറുണ്ടി, സിയറ ലിയോൺ, മഡഗാസ്കർ-4 വീതം, എറിത്രിയ, ടോഗോ, ഒമാൻ-3 വീതം, കംബോഡിയ, കാമറൂൺ, ഭൂട്ടാൻ, സിംബാബ് വേ, തുർക്ക്മെനിസ്ഥാൻ, മംഗോളിയ-2 വീതം, സെനഗൾ, ചൈന, നൈജർ, യു.കെ, സെർബിയ, പോർച്ചുഗൽ, നമീബിയ, മാലദ്വീപ്, മലേഷ്യ, സൗദി അറേബ്യ, ജിബുട്ടി, കോംഗോ, ഗിനി, തായ്ലൻഡ് -1 വീതം എന്നിങ്ങനെയാണ് മറ്റു രാജ്യങ്ങളിൽനിന്നുള്ള അപേക്ഷരുടെ എണ്ണം. എംബിഎ കോഴ്സിനാണ് ഏറ്റവും കൂടുതൽ അപേക്ഷകൾ ലഭിച്ചിട്ടുള്ളത്- 70.

ഐ.സി.സി.സി ആറിന്റെ പോർട്ടലിലൂടെയാണ് വിദേശ വിദ്യാർഥികളിൽനിന്നും സ്കോളർഷിപ്പോടെയുള്ള പഠനത്തിന് അപേക്ഷ സ്വീകരിക്കുന്നത്. നിലവിൽ ഐ.സി.സി.ആർ എംപാനൽ ചെയ്തിട്ടുള്ള 131 സർവകലാശാലകളിൽനിന്ന് വിദ്യാർഥികൾക്ക് താത്പര്യമുള്ള സ്ഥാപനം തിരഞ്ഞെടുക്കാം. പിന്നീട് വിദ്യാർഥികൾ തിരഞ്ഞെടുത്ത സർവകലാശാലകളിലേക്ക് ഐസിസിആർ അപേക്ഷകൾ അയയ്ക്കുകയാണ് ചെയ്യുന്നത്.

മഹാത്മാ ഗാന്ധി സർവകലാശാലയിലെ പഠന വകുപ്പുകളിലും നാഷണൽ അസസ്മെൻറ് ആൻറ് അക്രഡിറ്റേഷൻ കൗൺസിലിൻറെ(നാക്) എ ഡബിൾ പ്ലസ് ഗ്രേഡുള്ള കോളജുകളിലും ഓട്ടോണമസ് കോളജുകളിലും ഓരോ പ്രോഗ്രാമിനും 25 ശതമാനം ആധിക സീറ്റുകൾ വിദേശ വിദ്യാർഥികൾക്കായി മാറ്റിവച്ചിട്ടുണ്ട്. മറ്റ് അഫിലിയേറ്റഡ് കോളജുകളിൽ ഓരോ പ്രോഗ്രാമിനും 20 ശതമാനം അധിക സീറ്റുകളുമുണ്ട്.

എം.ജി. സർവകലാശാലയിൽ വൈസ് ചാൻസലർ അധ്യക്ഷനായുള്ള സമിതിയാണ് വിദേശേ വിദ്യാർഥികളുടെ അപേക്ഷകൾ പരിശോധിച്ച് പ്രവേശനം സംബന്ധിച്ച് തീരുമാനമെടുക്കുന്നത്. ജൂൺ 30നു മുൻപ് സർവകലാശാലകൾ താത്കാലിക അഡ്മിഷൻ ഓഫറുകൾ ഐസിസിആർ പോർട്ടലിൽ അപ് ലോഡ് ചെയ്യും. ഓരോ രാജ്യത്തിനും നിശ്ചിത എണ്ണം വിദ്യാർഥികൾക്കാണ് സ്കോളർഷിപ്പ് അനുവദിക്കുക. അനുവദനീയമായതിലധികം അപേക്ഷകരുണ്ടെങ്കിൽ അതത് രാജ്യങ്ങളിലെ ഇന്ത്യൻ എംബസികൾ ഇംഗ്ലീഷ് ഭാഷാ മികവ് വിലയിരുത്തുന്നതിനുള്ള പരീക്ഷ നടത്തി അതിൽ മുന്നിലെത്തുന്നവർക്കാണ് അവസരം നൽകുക.

സമീപ കാലത്ത് ദേശീയ, രാജ്യാന്തര റാങ്കിംഗുകളിൽ സർവകലാശാല മികവ് തുടരുന്നതും നാക്കിന്റെ നാലാം സൈക്കിൾ റീ അക്രഡിറ്റേഷനിൽ എ ഡബിൾ പ്ലസ് ഗ്രേഡ് ലഭിച്ചതും വിദേശത്തുനിന്നുള്ള അപേക്ഷകൾ വർധിക്കുന്നതിന് കാരണമായതായി വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദുകമാർ പറഞ്ഞു.

വിപുലമായ അടിസ്ഥാന സൗകര്യങ്ങളും അധ്യാപന-ഗവേഷണ മേഖലകളിലെ ഉന്നത നിലവാരവുമാണ് ഉന്നത പഠനത്തിന് എം.ജി സർവകലാശാല തിരഞ്ഞെടുക്കാൻ വിദേശ വിദ്യാർഥികളെ പ്രേരിപ്പിക്കുന്നതെന്ന് കെനിയയിൽനിന്നുള്ള ഗവേഷണ വിദ്യാർഥി അലി റുവ വിലയിരുത്തി. മഹാത്മാ ഗാന്ധിയുടെ പേരിലുള്ള സർവകശാല എന്ന നിലയിലും കെനിയൻ വിദ്യാർഥികൾ കൂടുതൽ താത്പര്യം പ്രകടിപ്പിക്കുന്നുണ്ടെന്ന് അലി കൂട്ടിച്ചേർത്തു.

എം.ജി സർവകലാശാലയിലും അഫിലിയേറ്റഡ് കോളജുകളിലും നിലവിൽ ഐസിസിആർ സ്കോളർഷിപ്പോടെ വിവിധ കോഴ്സുകളിലായി രാജ്യങ്ങളിൽനിന്നുള്ള 132 വിദ്യാർഥികൾ പഠിക്കുന്നുണ്ടെന്ന് യൂണിവേഴ്സിറ്റി സെൻറർ ഫോർ ഇൻറർനാഷണർ കോ-ഓപ്പറേഷൻ(യുസിഐസി) ഡയറക്ടർ ഡോ. സജിമോൻ ഏബ്രഹാം പറഞ്ഞു. വിദേശ വിദ്യാർഥികളുടെ പ്രവേശനം. പഠനം എന്നിവയുടെ ഏകോപനം നിർവഹിക്കുന്നത് യുസിഐസിയാണ്.

ഫോട്ടോ..
*മഹാത്മാ ഗാന്ധി സർവകലാശാലാ കാമ്പസിലെ പഠന വകുപ്പുകളിലെ വിദേശ വിദ്യാർഥികൾ*
(പി.ആർ.ഒ/39/520/2024)

## <u>ബി എഡ്; സ്പോർട്ട്സ്, പിഡി ക്വാട്ട പ്രവേശനം ഇന്നു വൈകുന്നേരം വരെ</u>

എം.ജി സർവകലാശാലയുടെ അഫിലിയേറ്റഡ് ടീച്ചേഴ്സ് ട്രെയിനിംഗ് കോളജുകളിലെ ബിഎഡ് പ്രോഗ്രാമുകളിൽ സ്പോർട്ട്സ്, പിഡി ക്വാട്ടകളിൽ പ്രവേശനത്തിനുള്ള അന്തിമ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു. പട്ടികയിൽ ഉൾപ്പെട്ടവർ കോളജുമായി ബന്ധപ്പെട്ട് ഇന്ന് (ജൂൺ 29 ) വൈകുന്നേരം നാലിനു മുൻപ് പ്രവേശനം നേടണം.
(പി.ആർ.ഒ/39/521/2024)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

രണ്ടാം സെമസ്റ്റർ എം.പി ഇ. എസ് (2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവമെൻറ് 2021-2022 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷകൾ ജൂലൈ 23ന് ആരംഭിക്കും.

ജൂലൈ ആറു വരെ ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കാം. ജൂലൈ എട്ടിന് ഫൈനോടു കൂടിയും ജൂലൈ 10 ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/522/2024)

## പരീക്ഷാ ഫലം

അഞ്ച്, ആറ് സെമസ്റ്റർ ബിഎ, ബികോം (2016,2015 അഡ്മിഷനുകൾ സപ്ലിമെന്ററി, 2012 മുതൽ 2014 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്, പ്രൈവറ്റ് രജിസ്ട്രേഷൻ സെപ്റ്റംബർ 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ജൂലൈ 12 വരെ സമർപ്പിക്കാം.
(പി.ആർ.ഒ/39/523/2024)

## സ്പോട്ട് അഡ്മിഷൻ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ കെ.എൻ.രാജ് സ്കൂൾ ഓഫ് ഇക്കണോമികസിൽ എം.എ ഇക്കണോമികസ് പ്രോഗ്രാമിന് പട്ടികജാതിക്കാർക്കായി സംവരണം ചെയ്ത ഒരൊഴിവുണ്ട്. അർഹരായവർ ജൂലൈ ഒന്നിനു രാവിലെ 11ന് അസ്സൽ രേഖകളുമായി ഡയറക്ടറുടെ ഓഫീസിൽ എത്തണം.
(പി.ആർ.ഒ/39/524/2024)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ എംസിഎ (2023 അഡ്മിഷൻ റഗുലർ, 2020-2022 അഡ്മിഷൻ സപ്ലിമെന്ററി ജൂൺ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ എട്ടിന് ആരംഭിക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

.............
നാലാം സെമസ്റ്റർ എംഎസ്സി സുവോളജി (2022 അഡ്മിഷൻ റഗുലർ, 2019, 2020, 2021 അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ, പ്രൊജക്ട് ഇവാലുവേഷൻ, വൈവവോസി പരീക്ഷകൾ ജൂലൈ എട്ടിന് നടക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/525/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**